# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2923 07.12.2018 -ലെ മറുപടി

**ഭൂജല നിരപ്പ്**

**ചോദ്യം** **മറുപടി**

**ശ്രീ.കെ.സി.ജോസഫ്** **കെ. കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | ഭൂജല നിരപ്പ് കുറയുന്നത് തടയാൻ എന്തൊക്കെ നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | എ) | ഭൂജല വകുപ്പിന്റെ 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതിയിൻ കീഴിൽ തുറന്നകിണർ, റീചാർജ്ജ് പിറ്റ്, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണ, ചെറിയ തടയണ എന്നിവയുടെ നിർമ്മാണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം ആവശ്യാനുസരണം നൽകി വരുന്നു.<br>2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള 108 വിവിധ കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള പ്രൊപ്പോസലുകളിൻമേൽ 189 ലക്ഷം രൂപയ്ക്കുള്ള 102 പ്രൊപ്പോസലുകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. മറ്റുള്ളവയുടെ സൂക്ഷ്മ പരിശോധന നടപടികൾ വകുപ്പിൽ പുരോഗമിച്ചു വരുന്നു. |
| ബി) | പ്രളയത്തിന ശേഷം ഭൂജല നിരപ്പിൽ എന്തൊക്കെ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | ബി | സംസ്ഥാനത്തിന്റെ ഭൂജലവിതാനം നിരീക്ഷിക്കുന്നതിനായി ഭൂജലവകുപ്പ് സംസ്ഥാനത്ത് ഉടനീളം നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട് ഇതിൽ തുറന്ന കിണറുകളും ബോർവെല്ലുകളും, ട്യൂബ് വെല്ലുകളും ഉറ്റപ്പെടുന്നു. ഈ നിരീക്ഷണ കിണറുകളിൽ നിന്നും എല്ലാ മാസവും ഒരു പ്രാവശ്യം ജലനിരപ്പ് ശേഖരിക്കുകയും വർഷത്തിൽ നാല് പ്രാവശ്യം ഭൂജല സാമ്പിളുകൾ ശേഖരിച്ച് വിശകലനം നടത്തുകയും ചെയ്യുന്നു. 2018 സെപ്തംബർ മാസത്തിൽ 395 തുറന്ന കിണറുകളിൽ നിന്നും 391 പീസോ മീറ്ററുകളിൽ നിന്നും ജലവിതാന |

| | | | |
|---|---|---|---|
| | | | മീറ്ററുകളിൽ നിന്നും ജലവിതാന ഡേറ്റാ ശേഖരിച്ച് 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ വർദ്ധിച്ച മഴയും പ്രളയവും സംസ്ഥാനത്തിന്റെ ഭൂജലവിഭവ സമ്പത്തിൽ ഉണ്ടാക്കിയ സ്വാധീനം മനസ്സിലാക്കുന്നതിലേക്കായി വിശകലനം ചെയ്തിട്ടുണ്ട്<br>സെപ്തംബർ 2018-ലെ ഭൂജലവിതാനം സെപ്തംബർ 2017-ലെ ഭൂജലവിതാനവുമായി താരതമ്യ പഠനം നടത്തിയതിൽ നിന്നും സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 75% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. കരിങ്കൽ പ്രദേശങ്ങളിലെ കുഴൽ കിണറുകളിലും (ബോർവെൽ) 72% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു.<br><br>സെപ്തംബർ 2018-ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2008-2017)യുമായി താരതമ്യം ചെയ്തപ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 62% കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽകിണറുകളിലും (ബോർവെൽ) 60% കിണറുകളിലും ഭൂജല വിതാനം കുറഞ്ഞതായി കാണുന്നു.<br>ഭൂജലവിതാനത്തിലെ കുറവ് സംഭവിക്കുന്നത് താഴെപ്പറയുന്ന കാര്യങ്ങളാലാണെന്ന് വിശകലനത്തിൽ നിന്നും മനസ്സിലാകുന്നു. മഴയുടെ ആധിക്യവും ചെറിയ കാലയളവിൽ കൂടുതൽ മഴ ലഭിച്ചതും ഭൂതലത്തിൽ ഊർന്ന് ഇറങ്ങാനുള്ള സമയലഭ്യത കുറവ് കൊണ്ട് ഭൂജലസംപോഷണം നടക്കുന്നതിന് കാലതാമസം ഉണ്ടാകുകയും ഉപരിതലജല പ്രവാഹമായി നഷ്ടപ്പെടുകയും ചെയ്തു. ഇപ്രകാരമുണ്ടായ ഉപരിതല ജലപ്രവാഹം പ്രദേശത്തെ മേൽമണ്ണിനെ ഒഴുക്കി പുഴകളിലും നദികളിലും താഴ്ന്ന പ്രദേശങ്ങളിലും നിക്ഷേപിക്കുകയും ചെയ്തു. ഇതിലൂടെ മണ്ണിലെ കളിമണ്ണിന്റെ അംശം നഷ്ടപ്പെടുകയും ജലം വളരെ വേഗം ഊർന്നിറങ്ങുകയും മണ്ണിൽ ശേഖരിക്കപ്പെടാതെ അടിയൊഴുക്ക് (base flow) ആയി നഷ്ടപ്പെടുകയും ചെയ്തു. കൂടാതെ ഈ കാലയളവിലെ മഴയുടെ ആധിക്യവും ചുരുങ്ങിയ സമയത്തിലെ വർദ്ധിച്ച മഴയും ഭൂജലസംപോഷണം നടക്കുന്നതിന് വിഘാത |

| | | | |
|---|---|---|---|
| | | | മുണ്ടാകുകയും ആയതിനാൽ ജലഭൃതങ്ങളെ (Aquifer) സംപോഷണം ചെയ്യപ്പെടാതിരിക്കാൻ കാരണമായിട്ടുണ്ട് കൂടാതെ മണ്ണിലെ വർദ്ധിച്ച ജലസമ്മർദ്ദം മൂലം ചില പ്രദേശങ്ങളിൽ മണ്ണിലെ സൂക്ഷ്മ കണികകളും കളിമണ്ണും ഒഴുകി പോകുകയും ലഭ്യമായ മഴവെള്ളം അടിയൊഴുക്ക് (base flow) ആയും നദികളിലൂടെ നഷ്ടപ്പെട്ടതായി മനസ്സിലാക്കുന്നു. ഇത് ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണ്. ഇത് വടക്ക് കിഴക്ക് കാലവർഷം സാധാരണഗതിയിൽ ലഭിക്കുകയാണെങ്കിൽ പരിഹരിക്കപ്പെടാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**